# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിനായി ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തിയ തുക</u>

942 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വിഭാഗത്തിനായി 2012-2013 സാമ്പത്തിക വര്‍ഷത്തെ സംസ്ഥാന ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തിയ തുക വകമാറ്റി ചിലവഴിക്കുന്നതായ വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തുക വകമാറ്റി ചിലവഴിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തുക വകമാറ്റി ചിലവഴിച്ചതിനു കാരണക്കാരായവര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ</u>

943 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. രാധാകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി നീക്കിവെച്ച പദ്ധതി വിഹിതത്തിൽ പദ്ധതി വർഷം പൂർത്തിയാകാറായിട്ടും 57 ശതമാനം ചെലവഴിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച ഏതൊക്കെ പദ്ധതികളാണ് ലക്ഷ്യം നേടാനാകാത്തതെന്ന് അറിയിക്കാമോ ;

(സി) ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) പദ്ധതിയേതര വിഹിതത്തിലും പകുതിയിൽ താഴെ മാത്രം ചെലവിടാനുണ്ടായ സാഹചര്യവും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>പട്ടികജാതി കുടുംബങ്ങളുടെ ജീവിതനിലവാരം</u>

944 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശത അനുഭവിക്കുന്ന പട്ടികജാതിവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ കണക്കുകൾ ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത്തരം കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനു മുൻഗണന നൽകിക്കൊണ്ട് പട്ടികജാതിക്കാർക്കായി പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തികവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികവിഭാഗ ക്ഷേമ നയം</u>

945 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ ക്ഷേമ നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പ്രത്യേക ഘടക പദ്ധതി കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിലായി ചിലവഴിച്ച തുക</u>

946 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ പ്രത്യേക ഘടക പദ്ധതി, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിലായി കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചിലവഴിച്ചത് സംബന്ധിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ശതമാനം തുക കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വയനാട് ജില്ലയിൽ ചിലവഴിച്ചെന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം ചിലവഴിച്ച തുകയുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നടപ്പു വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും ചിലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

2012-13 സാമ്പത്തികവർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും
പട്ടികജാതി വകുപ്പ് ചിലവഴിച്ച തുക

947 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് 2012-13 വർഷത്തിൽ പ്രഖ്യാപിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2012-13 വർഷത്തിൽ 2013 ഫെബ്രുവരി 28 വരെയുള്ള വകുപ്പിന്റെ പ്ലാൻ ഫണ്ട് ചെലവിന്റെ ഇനംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എത്ര ശതമാനം തുക പ്ലാൻ ഫണ്ടിൽ നിന്നും 2013 ഫെബ്രുവരി 28 വരെ ചിലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ പിൻവലിച്ച തുക

948 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് ഫണ്ട്) എന്നീ ഇനങ്ങളിൽ 2010-11, 2011-12 വർഷങ്ങളിൽ ബജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയിൽനിന്നും പിൻവലിച്ചത് ചിലവഴിക്കാതെ ഏതെങ്കിലും അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം അക്കൗണ്ടുകളിൽ എന്ത് തുക വീതം നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ; ഏതാവശ്യത്തിനുവേണ്ടിയാണ് തുക മാറ്റി നിക്ഷേപിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പട്ടികജാതി ക്ഷേമ ഫണ്ടുകളുടെ വിനിയോഗം

949 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി നീക്കി വെച്ചിരിക്കുന്ന വിഹിതം പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രത്യേക ഘടക പദ്ധതി, ഉപപദ്ധതി എന്നിവയുൾപ്പെടുത്തിയിരിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതുമൂലം പട്ടികജാതിക്കാർ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടികജാതിക്കാർക്കായി നീക്കിവെച്ചിരിക്കുന്ന ഫണ്ട് അനുവദനീയമായ മേഖലയിൽതന്നെ ചെലവഴിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ബി. ആർ. ഡി. സി. കേന്ദ്രീകരിച്ചുള്ള പദ്ധതി</u>

950 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ (ബി. ആർ. ഡി. സി) കേന്ദ്രീകരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബി. ആർ. ഡി. സി. യുടെ ആസ്ഥാനം കാസർകോഡ് നിന്ന് മാറ്റുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

പട്ടികജാതി കോളനികളിൽ ഒരു കോടി പദ്ധതി.

951 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ ഒരു കോടി പദ്ധതിയനുസരിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ മാർ നൽകിയിട്ടുള്ള മുൻഗണനാ പട്ടിക ഓരോ മണ്ഡലത്തിലേതും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ മണ്ഡലത്തിലും എത്രയെണ്ണം വീതമാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) ഇവ ഓരോന്നിലെയും പ്രവൃത്തികൾ ഏതെല്ലാം ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനത്തിനായുള്ള പദ്ധതികൾ</u>

952 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തികവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>വിജ്ഞാൻവാടി പദ്ധതി</u>

953 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന വിജ്ഞാൻവാടി പദ്ധതി ഏതെല്ലാം മണ്ഡലങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ബി പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് പട്ടിജാതി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ;

സി കേരളത്തിലെ മുഴുവൻ മണ്ഡലങ്ങളിലും പ്രസ്തുത പദ്ധതി എന്ന് നടപ്പിലാക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

എസ്.സി. പ്രമോട്ടർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

954 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ ക്ഷേമപ്രവർത്തനങ്ങളുടെ പ്രചാരണത്തിനും ഏകോപനത്തിനുമായി നിയമിക്കപ്പെടുന്ന എസ്.സി. പ്രമോട്ടർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പ്രമോട്ടർമാർക്ക് നൽകുന്ന ഓണറേറിയം വർദ്ധിപ്പിക്കുമോ;

(സി) പ്രമോട്ടർമാരുടെ ജോലിഭാരം കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുതൽ പ്രമോട്ടർമാരെ നിയമിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന കോർപ്പറേഷന്റെ മുൻകാലപ്രവർത്തനങ്ങൾ</u>

955 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന്റെ മുൻകാലപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(ബി) 2006-07 മുതൽ 2010-11 വരെ കോർപ്പറേഷൻ മുഖാന്തിരം നൽകിയ സ്വയംസഹായവായ്പയുടെ വാർഷികാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ എത്ര സ്വയംതൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനായി, എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

956 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിവർഷം ത്രിതലപഞ്ചായത്തുകളിൽ പട്ടികജാതിക്കാരുടെയും പിന്നോക്കവിഭാഗക്കാരുടെയും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ കേന്ദ്രാവിഷ്കൃതപദ്ധതികൾക്കായി ലഭിച്ച തുക എത്രയാണ്;

(സി) സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും ഈ മേഖലയിൽ വകയിരുത്തിയ തുകയിൽ ഇതേവരെ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിതുക വിനിയോഗിക്കുന്നതിലുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഇ) മാർച്ച് 31ന് മുമ്പ് ബഡ്ജറ്റിൽ വകവരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപയുടെ സമഗ്രവികസന പദ്ധതി</u>

957 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപയുടെ സമഗ്രവികസന പദ്ധതിയിൽ ഭവന നിർമ്മാണം, ഭൂരഹിതർക്ക് ഭൂമിയും വീടും, വീടുകളുടെ അറ്റകുറ്റപണി, ടോയ്‌ലറ്റ്-ലാട്രിൻ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്ത ഏജൻസി സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് തുക അനുവദിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി.

958 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക്, എവിടെയൊക്കെ, എത്ര സെന്റ് വീതം ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആർക്കൊക്കെ, എവിടെയെല്ലാം സർക്കാർ വീട് പണിത് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം</u>

959 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായമായി ഈ സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ അപേക്ഷ നൽകിയവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>മിച്ചഭൂമി വിതരണം</u>

960 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ള എത്ര പട്ടികജാതിക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ സർക്കാർ മിച്ചഭൂമി വിതരണത്തിനുവേണ്ടി അപേക്ഷ ക്ഷണിച്ചതിൽ പട്ടികജാതിയിൽപ്പെട്ട എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഭൂരഹിതരായ എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും ഭൂമി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഭവനരഹിതരായ പട്ടികജാതിക്കാർ

961 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിൽ എത്ര പട്ടികജാതികുടുംബങ്ങൾ ഭവനരഹിതരാണെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ, ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കുള്ള കമ്മ്യൂണിറ്റി ക്ലീനിക്ക്</u>

962 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം പട്ടികജാതിക്കാർക്കായുള്ള കമ്മ്യൂണിറ്റി ക്ലീനിക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്താകെ എന്തു തുക നടപ്പുവർഷം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാസര്‍കോഡ് ജില്ലയിലെ വിവിധ കോളനികളില്‍ നടത്തിയ വികസനപ്രവര്‍ത്തനങ്ങള്‍</u>

963 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം പട്ടികജാതി വികസനവകുപ്പ് മുഖേന കാസര്‍കോഡ്ജില്ലയിലെ വിവിധ കോളനികളില്‍ എന്തൊക്കെ വികസനപ്രവര്‍ത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടത്തെ പട്ടികജാതികോളനികളില്‍ മാതൃക അംഗന്‍വാടികള്‍ അനുവദിക്കുന്ന പദ്ധതി എപ്പോള്‍ ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

'സ്വയംപര്യാപ്ത കോളനി' പദ്ധതി

964 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത കോളനി' പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ എന്തൊക്കെ പദ്ധതികളാണു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതിയിൽ ഉൾപ്പെടുത്താൻ കോളനികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഇതുവരെ പ്രസ്തുതപദ്ധതിയിൽ എത്ര കോളനികളെ ഏറ്റെടുത്തുവെന്നു വ്യക്തമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ, എത്ര കോളനികളെയാണു തിരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത കോളനികളുടെ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാഞ്ഞിരംപാറ കോളനി മാതൃകാ പട്ടികജാതി സങ്കേതമായി വികസിപ്പിക്കാൻ നടപടി</u>

965

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ കാഞ്ഞിരംപാറ കോളനി മാതൃകാ പട്ടികജാതി സങ്കേതമായി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇവിടെ ഏതൊക്കെ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടത്തുന്നത്;

(സി) പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത് ഏത് ഏജൻസിയാണ്;

(ഡി) പ്രോജക്ടുകളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കാനാകുമോയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്തത പട്ടിജാതി സങ്കേതം</u>

966 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഞായലിൽ കോളനിയെ സ്വയം പര്യാപ്തത പട്ടികജാതി സങ്കേതമാക്കി മാറ്റുന്ന ഗവൺമെന്റ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഒ. ബി. സി. പ്രീമെട്രിക് സ്കോളർഷിപ്പ്.</u>

967 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ. ബി. സി. പ്രീമെട്രിക് സ്കോളർഷിപ്പ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് നൽകിവരുന്നത്;

(ബി) ഇതിൽ നിന്നും ന്യൂനപക്ഷങ്ങളെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ വർഷം ഒ. ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു; ഇതിൽ എത്ര തുക ന്യൂനപക്ഷവിഭാഗം കുട്ടികൾക്ക് നൽകി; അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകിയിരുന്നോ;

(ഡി) കഴിഞ്ഞ വർഷം എല്ലാ തുകയും ചെലവഴിക്കാൻ കഴിയാതിരുന്നിട്ടും ഒരു വിഭാഗത്തെ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഒ. ബി. സി. യിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങളെയും ഈ വർഷത്തെ പ്രീമെട്രിക്ക് സ്കോളർഷിപ്പിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ്</u>

968 ശ്രീ. പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ വിശദീകരിക്കുമോ;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ</u>
<u>സ്റ്റൈപ്പന്റ് വിതരണം</u>

969 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ കോളേജുകളിലെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ഒരു വർഷത്തിലേറെയായി വിതരണം നടത്തിയിട്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റൈപ്പന്റ് വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എസ്.സി. വിദ്യാർത്ഥികൾക്ക് നല്കുന്ന സർക്കാർ ധന സഹായവും ഫീസ് ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; 2013 മാർച്ച് 31 നകം ഇവ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്</u>

970 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നൽകുന്നുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന ബി.പി.എൽ വിഭാഗത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ

971 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗത്തിൽപ്പെട്ട യുവാക്കളെ വിവിധ സാങ്കേതി കമേഖലകളിൽ വിദഗ്ദ്ധതൊഴിലാളികളാക്കി മാറ്റുന്ന തിനായുള്ള പരിശീലനകേന്ദ്രങ്ങളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കിമാറ്റുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം തൊഴിൽപരിശീലനകേന്ദ്രങ്ങളെ സ്കിൽ ഡെവല പ്മെന്റ് സെന്ററുകളാക്കി വികസിപ്പിച്ചു; അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) ഓരോ സെന്ററുകളിലും ഏതെല്ലാം സ്കില്ലുകളിൽ പരിശീലനം നൽകുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങള്‍</u>

972 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എ സ്വാശ്രയ അണ്‍ എയ്ഡഡ് കോളേജുകളിലെ ഡിഗ്രി കോഴ്സുകള്‍ക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്കുള്ള വിദ്യാഭ്യാസാനുകൂല്യം നിര്‍ത്തലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ;

ബി സ്വാശ്രയ കോളേജുകളിലെ എസ്.സി. വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ;

സി പ്രൊഫഷണല്‍ കോഴ്സുകളിലെ എസ്.സി. വിദ്യാര്‍ത്ഥികള്‍ക്ക് എത്ര രൂപ വീതമാണ് ധനസഹായം നല്‍കുന്നത് ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാനുള്ള നടപടി</u>

973 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 31.3.11 ലെ ജി.ഒ (ആർ.ടി) 394/11/എസ്.സി. എസ്.ടി/ഡി.ഡി നമ്പർ ഉത്തരവു പ്രകാരം എസ്.സി വകുപ്പിനു കീഴിൽ അനുവദിച്ച ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ നൽകാമെന്ന് തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ഏജൻസി പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം എന്നത്തേക്ക് കണ്ണമ്പ്ര പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ബി.ടെക് വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഫീസ് മടക്കി ലഭിക്കാൻ നടപടി

974 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി പട്ടിക സമുദായക്കാരായ ബി.ടെക് വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഫീസ് മടക്കി നൽകുന്നുണ്ടോ; ഏതെല്ലാം കോഴ്സുകൾക്കാണ് ഇപ്രകാരം ഫീസ് മടക്കി നൽകുന്നത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; ബി.ടെക് റഗുലർ കോഴ്സിന പഠിക്കുന്ന പട്ടിക സമുദായക്കാരായ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ. ഇവർക്ക് സെമസ്റ്റർ ഫീസ് മടക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചേർത്തല ചെറുവാരണം ഹരികൃഷ്ണമന്ദിരത്തിൽ ഹരികൃഷ്ണൻ സമർപ്പിച്ചിരുന്ന സെമസ്റ്റർ ഫീസ് മടക്കി ലഭിക്കുന്നതിനുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റലുകൾ</u>

975 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പട്ടികജാതിക്കാർക്കായി എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തി ക്കുന്നവ എത്ര;

(സി) പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പട്ടികജാതിക്കാരുടെ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ പദ്ധതി

976 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ പട്ടികജാതി വികസനവകുപ്പിൽനിന്നും വൈദ്യുതി ബോർഡിന് എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് ഇപ്രകാരം നൽകിയതെന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ;

(സി) വൈദ്യുതീകരണത്തിനായി ഉപയോഗിച്ച തുകയും ഇനി ഉപയോഗിക്കാനുള്ള തുകയും പ്രത്യേകം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങൾ വഴി വിനോദസഞ്ചാര വികസനം</u>

977 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾ വഴി വിനോദ സഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഏതൊക്കെ സഹകരണ സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി സൗഹൃദ ടൂറിസം വികസന പരിപാടി</u>

978 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ടൂറിസം വികസന പരിപാടിക്കായി എത്ര തുകയാണ് പദ്ധതി വിഹിതമായി നീക്കിവച്ചത്;

(ബി) ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ഖജനാവിൽ നിന്നും ഇതുവരെ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>വിനോദസഞ്ചാരമേഖലയിലെ പുതിയ സംരംഭങ്ങള്‍</u>

979 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി -പിന്നോക്ക സമുദായ ക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദസഞ്ചാര മേഖലക്ക് പുത്തനുണര്‍വ് നല്കുന്നതിന് ഈ സര്‍ക്കാര്‍ സ്വീകരിച്ചു വരുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയില്‍ കൂടുതല്‍ തൊഴില്‍ അവസരങ്ങള്‍ സൃഷ്ടിക്കുന്നതിനും വിനോദസഞ്ചാരികളെ ആകര്‍ഷിക്കുന്നതിനും എന്തെല്ലാം പുതിയ സംരംഭങ്ങള്‍ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>ടൂറിസ്റ്റ് അമിനിറ്റി സെന്റർ</u>

980 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് അമിനിറ്റി സെന്ററിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) അമിനിറ്റി സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്;

(സി) പ്രസ്തുത സെന്റർ മുഖേന വിനോദസഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് അമിനിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ടൂറിസം വകുപ്പ് പരസ്യയിനത്തിൽ ചെലവഴിച്ച തുക

981 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി- പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പ് 2012-ൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എത്ര തുക പരസ്യയിനത്തിൽ ചെലവഴിച്ചു; ഇതിൽ പ്രിന്റ്/വിഷ്വൽ മീഡിയാകളുടെ വെവ്വേറെയുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഉൾനാടൻ ജലാശയങ്ങളിൽ സീ പ്ലെയിൻ</u>

982 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഉൾനാടൻ ജലാശയങ്ങളിൽ സീ പ്ലെയിൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഏതെല്ലാം കേന്ദ്രങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സീ പ്ലെയിൻ ആരംഭിക്കുന്നതിന് പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംരംഭത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഇതിന് മുന്നോടിയായി മത്സ്യ തൊഴിലാളികളുടെ മേഖലയിലുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് മത്സ്യതൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ഇ) സീ പ്ലെയിൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്വകാര്യ ഏജൻസികളും സ്ഥാപനങ്ങളുമാണ് താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടു വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ആർക്കെങ്കിലും ഇതിനോടകം അനുമതി നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>കാസർകോട് ബീച്ച് സൗന്ദര്യവൽക്കരണത്തിനുള്ള പദ്ധതികൾ</u>

983

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബീച്ച് സൗന്ദര്യവൽക്കരണത്തിനു തയ്യാറാക്കിയിട്ടുളള പദ്ദതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതിനകം എന്തു തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചു?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

ചെറുവത്തൂർ വീരമലകുന്ന് ടൂറിസം പദ്ധതി

984 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വീരമലക്കുന്ന് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കുമെന്ന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ശുപാർശ ഉണ്ടായിട്ടും ആയത് സംബന്ധിച്ച പ്രാഥമിക നടപടികൾ പോലും ആകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് സെന്ററിന്റെ ലെയ്സൺ ഓഫീസ്</u>

985 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് സെന്ററിന്റെ ജില്ലാ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത ഓഫീസ് കൂടാതെ പുതിയൊരു ലെയ്സൺ ഓഫീസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് ബി. ആർ.ഡി.സി ഗവേണിംഗ് ബോഡി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ബി.ആർ.ഡി.സി. യുടെ ഭാരിച്ച തുക ചെലവാക്കി ഇത്തരമൊരു ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>ബേക്കൽ റിസോർട്ട് വികസനം</u>

986 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബേക്കൽ റിസോർട്ട് വികസനത്തിന് പദ്ധതി വിഹിതമായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തിക്കായി എത്ര വീതം തുക ഖജനാവിൽ നിന്ന് ഇതുവരെ ചെലവഴിച്ചുവെന്നും ഏത് ഏജൻസിയാണ് പ്രവൃത്തികൾ നടത്തിയതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ഇക്കോ ടൂറിസം പദ്ധതി</u>

987 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ടല്‍കാടുകളാല്‍ സമൃദ്ധമായ കാസര്‍ഗോഡ് കുമ്പള പുഴയോരത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതി സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ഇക്കോ ടൂറിസം പദ്ധതിയ്ക്കായി കേന്ദ്ര സര്‍ക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നിര്‍വ്വഹണ ചുമതല ആര്‍ക്കാണ്; കാലതാമസം കൂടാതെ ഈ പദ്ധതി നടപ്പാക്കാന്‍ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ ഗ്രാമീണ ടൂറിസം പദ്ധതികൾ</u>

988 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ സർക്യൂട്ട് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) റൂറൽ ടൂറിസം പദ്ധതിയും, 'എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം' പദ്ധതിയും ആലപ്പുഴ ജില്ലയിലെ ഏതെല്ലാം ഗ്രാമങ്ങളിലാണു നടപ്പിലാക്കുന്നതെന്നു വിശദമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ ഗ്രാമീണ ടൂറിസം വികസനത്തിന് ഏതെല്ലാം പദ്ധതികൾ 2012-2013 സാമ്പത്തികവർഷത്തിൽ ആരംഭിച്ചിട്ടുണ്ടെന്നും, അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ സർക്യൂട്ട് ടൂറിസം പദ്ധതി.</u>

989 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ ആലപ്പുഴ ജില്ലയിലെ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ എന്നാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളതെന്നും എന്നാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രവർത്തികളുടെ നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്;

(ഡി) അംഗീകരിച്ച പ്രവർത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, കളർ ഡ്രോയിംഗ്സ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്നേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പാതിരാ മണൽ ടൂറിസം പദ്ധതി</u>

990 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാതിരാ മണൽ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്കുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വിശദമാക്കാമോ; പാതിരാമണലിന്റെ വികസനത്തിനും അതുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിക്കും പണം അനുവദിച്ച് പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടൂറിസ്റ്റുകൾ എന്ന വ്യാജേന പാതിരാമണലിൽ കടന്ന് പ്രകൃതി വിഭവങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടികൾ കൈക്കൊണ്ടു എന്നും എത്ര കുറ്റവാളികളെ ഇതുമായി ബന്ധപ്പെട്ട് പിടിച്ചു എന്നും വ്യക്തമാക്കാമോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും പാതിരാമണലിനെ സംരക്ഷിക്കുവാനും എന്തെല്ലാം നടപടികൾ ടൂറിസം ഡിപ്പാർട്ട്മെന്റ് കൈക്കൊള്ളുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ ടൂറിസം പദ്ധതികൾ

991 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ എന്തൊക്കെ ടൂറിസം പദ്ധതികളാണു നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

മണിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

992 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എത്ര കോടി രൂപയുടെ പദ്ധതിക്കാണു തുടക്കമിട്ടിട്ടുള്ളത്; എന്തൊക്കെ പദ്ധതികളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്; എത്ര ഘട്ടമായാണ് ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ആദ്യഘട്ടത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ പദ്ധതികളാണുള്ളത്; നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, വൈകാനുള്ള കാരണം വിശദമാക്കുമോ;

(ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഒന്നാംഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുതപദ്ധതിയുടെ രണ്ടാംഘട്ടത്തിൽ എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; എന്തൊക്കെ പദ്ധതികളാണുള്ളത്; തുകയനുവദിച്ചിട്ടുണ്ടോ; നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴി ടൂറിസം</u>

993 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ പെരുവണ്ണാമൂഴിയിൽ ടൂറിസം മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

ബി പ്രസ്തുത പദ്ധതിക്ക് സംസ്ഥാന - കേന്ദ്ര സർക്കാരുകൾ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് ;

സി പ്രസ്തുത പദ്ധതി ആരംഭിക്കാൻ കാലതാമസം വന്നതായി കരുതുന്നുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

ഡി പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ</u>

994 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ബി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷം മുതൽ ക്ലാസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ എത്ര കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഭൂതത്താൻ കെട്ട് ടൂറിസം പദ്ധതി</u>

995 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ ഭൂതത്താൻ കെട്ട് ടൂറിസം പദ്ധതി പ്രദേശത്ത് വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഭൂതത്താൻ കെട്ടിൽ എത്തുന്ന വിനോദ സഞ്ചാരികൾക്കായ് പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

പെരുംമ്പാവൂർ മണ്ഡലത്തിലെ ടൂറിസം സാദ്ധ്യതകൾ

996 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുംമ്പാവൂർ മണ്ഡലത്തിലെ ടൂറിസം സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പെരുംമ്പാവൂർ പാലക്കാട്ട് താഴം കവല നവീകരണത്തിനും പേ ആന്റ് യൂസ് ടോയ്ലറ്റ് സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പനമ്പിള്ളി നഗർ സൗന്ദര്യവത്ക്കരണം</u>

997 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പനമ്പിള്ളി നഗർ സൗന്ദര്യവത്ക്കരണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക മാറ്റി വച്ചിട്ടുണ്ട് ;

(സി) ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം ശാന്തിഗിരിയിൽ സ്ഥാപിക്കുന്നതിന് നടപടി

998

ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് നടപ്പാക്കുന്ന ടേക്ക് എ ബ്രേക്ക് എന്ന വിശ്രമ കേന്ദ്രം പോത്തൻകോട് ശാന്തിഗിരിയിൽ സ്ഥാപിക്കുന്നതിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് എന്നാണ് തറക്കല്ലിട്ടതെന്നും അതിന്റെ പണി എന്ന് ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) എന്നാണ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതി

999 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതിയിൽ അവശേഷിക്കുന്ന ജോലികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതി എന്നത്തേയ്ക്കു കമ്മീഷൻ ചെയ്യാനാണു തീരുമാനിച്ചിട്ടുള്ളതെന്നും, ആയതിന്റെ നടത്തിപ്പുചുമതല ഏത് ഏജൻസിക്കാണെന്നും വിശദമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തൃക്കാക്കരയിൽ ടൂറിസം ഗസ്റ്റ് ഹൗസ്</u>

1000 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിൽ ടൂറിസം ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്ത് തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ചന്ദ്രഗിരി ടൂറിസം പ്രോജക്ട്</u>

1001 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രഗിരി ടൂറിസം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പൊന്നാനിയിലെ ചിരപുരാതന കെട്ടിട സമുച്ചയങ്ങളും കോടതി സമുച്ചയവും</u>

1002

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിന്റെ പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനിയിലെ ചിരപുരാതന കെട്ടിടസമുച്ചയങ്ങളും, കോടതി സമുച്ചയവും ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>വള്ളിക്കുന്ന് പഞ്ചായത്തിലെ കമ്മ്യൂണിറ്റി റിസര്‍വ് പ്രദേശം വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത</u>

1003 ശ്രീ. കെ. എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ കമ്മ്യൂണിറ്റി റിസര്‍വ് പ്രദേശം വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തിന്റെ ആകര്‍ഷണീയതയും സൗകര്യവും വര്‍ദ്ധിപ്പിക്കുവാന്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കമ്മ്യൂണിറ്റി റിസര്‍വ് മാനേജിംഗ് കമ്മിറ്റി വിനോദസഞ്ചാര വികസനങ്ങള്‍ക്കുള്ള സാമ്പത്തിക സഹായത്തിനുവേണ്ടി ഏതെങ്കിലും പദ്ധതി അംഗീകാരത്തിന് സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത വിഷയത്തില്‍ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

നിള ടൂറിസം പ്രോജക്ട്

1004

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഭാരതപ്പുഴ കേന്ദ്രമാക്കി നിള ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എന്തു തുകയ്ക്കുള്ള പ്രോജക്ട് ആണ് പാലക്കാട് ഡി.റ്റി.പി.സി. സമർപ്പിച്ചിരിക്കുന്നത്;

(സി) പ്രസ്തുത പ്രോജക്ട് വർക്കിങ് ഗ്രൂപ്പ് പരിഗണിച്ചുവോ;

(ഡി) നിലവിൽ പ്രസ്തുത പ്രോജക്ടിൽ ആരാണ് തുടർനടപടികൾ സ്വീകരിച്ചു വരുന്നത്;

(ഇ) പ്രസ്തുത പ്രോജക്ട് സർക്കാരിലേക്ക് സമർപ്പിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) സർക്കാരിലേക്ക് സമർപ്പിക്കാൻ കാലതാമസം വന്നത് സംബന്ധിച്ച വിശദീകരണം നല്കാമോ;

(ജി) സർക്കാരിലേക്ക് സമർപ്പിക്കുവാൻ എന്തെല്ലാം നടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(എച്ച്) നിള ടൂറിസം പ്രോജക്ട് ഈ സാമ്പത്തിക വർഷം തന്നെ അംഗീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പദ്ധതി</u>

1005 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ ഓരോ വർഷവും എത്ര വ്യാപാരികൾ ഫെസ്റ്റിവലിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) മുൻ വർഷം ജി.കെ.എസ്.എഫിനുവേണ്ടി സർക്കാർ നൽകിയ തുക എത്രയാണ്; മറ്റെന്തെല്ലാം നിലയിൽ എന്തു തുക വരവുണ്ടായി; വിശദമാക്കാമോ;

(സി) മുൻവർഷത്തെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മുൻവർഷം ജി.കെ.എസ്.എഫിന്റെ ഭാഗമായി ഏതെല്ലാം ദിനപത്രങ്ങൾക്കും ദൃശ്യമാധ്യമങ്ങൾക്കും എന്ത് തുക വീതം പരസ്യം ഇനത്തിൽ നല്കുകയുണ്ടായി; കൂടാതെ പതിനായിരം രൂപയ്ക്കുമേൽ നൽകിയ പരസ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

'വൈദഗ്ദ്ധ്യത്തിൽ നിന്നും തൊഴിലിലേക്ക്'

1006 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വൈദഗ്ദ്ധ്യത്തിൽ നിന്നും തൊഴിലിലേക്ക്' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് കിറ്റ്സിനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് യുവതി - യുവാക്കൾക്ക് ലഭിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>വിനോദ സഞ്ചാര വകുപ്പിൽ ഒഴിവുള്ള തസ്തികകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി</u>

1007 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം എത്ര ;

(ബി) ഇതിൽ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെയും ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളുടെയും എണ്ണം ആഫീസ് തിരിച്ചു ലഭ്യമാക്കുമോ ;

(സി) വിനോദസഞ്ചാര വകുപ്പിൽ നിലവിലുള്ള വിവിധ തസ്തികകളിലേക്കുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 11.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].